പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7940 — 24.07.2012-ൽ മറുപടിയ്ക്ക്

## കല്ലറ സബ്സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വൈക്കത്തെ കാർഷിക ഗ്രാമീണ മേഖലയായ കല്ലറയിലേയും പരിസര പ്രദേശങ്ങളിലേയും വൈദ്യുതി തകരാറ് സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അനുവദിച്ച കല്ലറ സബ്സ്റ്റേഷന് കല്ലറ പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലം വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിൻെറ കാരണം വ്യക്തമാക്കുമോ ; | (ബി) കല്ലറ സബ്സ്റ്റേഷനു വേണ്ടി കല്ലറ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സർവ്വേ നമ്പർ. 583/1/1, 583/1/4-ൽ ഉള്ള 50 സെൻറ് സ്ഥലം വൈദ്യുതി ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) കല്ലറയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷൻെറ പരിധിയിൽ ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) കല്ലറ സബ്സ്റ്റേഷൻെറ പരിധിയിൽ കല്ലറ, നീണ്ടൂർ പ്രദേശങ്ങളെ പൂർണ്ണമായും തലയാഴം, വെച്ചൂർ ഭാഗങ്ങളെ ഭാഗികമായും ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) നിർദ്ദിഷ്ട സബ്സ്റ്റേഷൻെറ ശേഷി എത്രയെന്നും ഇതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | (ഡി) നിർദ്ദിഷ്ട 33 കെ. വി കല്ലറ സബ്സ്റ്റേഷനിൽ 5 എം. വി. എ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്ഥലം ഏറ്റെടുത്ത ശേഷം സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.